# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3317 — 19.10.2016-ൽ മറുപടിക്ക്

## ഷോളയാർ പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ചാലക്കുടി മണ്ഡലത്തിലെ മലക്കപ്പാറ കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന ഷോളയാർ പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം (ആർ 332) ഭരണ സമിതിയുടെ നിലവിലുള്ള ഭരണ ഘടന മാറ്റുന്നതിനും ഭരണ സമിതിയിൽ സഹകരണ സംഘത്തിലെ 5 ട്രൈബൽ അംഗങ്ങളെയെങ്കിലും സ്ത്രീ പുരുഷ ഭേദമെന്യേ ഉൾപ്പെടുത്തുന്നതിനുമായി തൃശ്ശൂർ സബ് കളക്ടർ മുഖേന സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | എ) | നിയമാവലി ഭേദഗതി വരുത്തുന്നതിന് സംഘം സമർപ്പിച്ച അപേക്ഷ സഹകരണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ തൃശ്ശൂർ ജോയിൻറ് രജിസ്ട്രാർ നിരസിച്ച് തീരുമാനമെടുത്തിട്ടുണ്ട്. |
| ബി) | ഈ സംഘത്തിൻറെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | ബി) | പട്ടികജാതി പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷൻ, പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വയം തൊഴിൽ പദ്ധതിക്ക് (എസ്.എച്ച്.ജി. ഗ്രൂപ്പിന്) സാമ്പത്തിക സഹായം അനുവദിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിലേക്ക് ഷോളയാർ പട്ടികവർഗ്ഗ സൊസൈറ്റിക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് സംഘം, തൃശ്ശൂർ ജോയിൻറ് രജിസ്ട്രാർ ഓഫീസിലെ അസിസ്റ്റൻറ് രജിസ്ട്രാർ (എസ്.സി.എസ്.ടി.) മായി ബന്ധപ്പെട്ട് പ്രോജക്ട് സമർപ്പിക്കുന്ന മുറയ്ക്ക് അർഹത പരിഗണിച്ച് അസിസ്റ്റൻറ് രജിസ്ട്രാർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ